(1)	(2)	(3)	(4)
3.	ഹൊസബെട്ട ജാറാഹൗസ് അംഗൻവാടി കോട്ട റോഡ് നിർമ്മാണം പൂർത്തിയായി	11.00	6.57
4.	തുമ്മിനാട് എൻ.എച്ച്. കണ്വതീർത്ഥ റോഡ് നിർമ്മാണം പൂർത്തിയായി	11.00	12.51
5.	ഷിരിയപാലം ഓടയം റോഡ് നിർമ്മാണം പൂർത്തിയായി	23.5	15.91
6.	ഉപ്പള റെയിൽവേ സ്റ്റേഷൻ ഉപ്പള ഠൗൺ റോഡ് നിർമ്മാണം പൂർത്തിയായി.	5.5	4.37
7.	കോയിപ്പാടി പർവ്വാർഡ് റോഡ് നിർമ്മാണം പൂർത്തിയായി	61.00	9.61
8.	മുസോടി അദ്ദീക്ക കുളുപ്പുളു റോഡ് നിർമ്മാണം-ടെണ്ടർ ക്ഷണിച്ചു	60.00	...
	ടി.ആർ.പി		
	മുട്ടം ഗേറ്റ് ബേരിക്ക കടപ്പുറം റോഡ്	58	45.19
	മറ്റു പ്രവൃത്തികൾ		
1.	മഞ്ചേശ്വരം ഹൊസബെട്ട കടപ്പുറത്തെ പാറപൊട്ടിക്കൽ-പ്രവൃത്തി പൂർത്തിയായി	45	55.86
2.	അരീക്കാടി ശുദ്ധജലവിതരണ പദ്ധതി പൂർത്തിയായി	15	15.26
3.	ഹൊസബെട്ട ബങ്കര മഞ്ചേശ്വരം ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായി	22	18.29

ഫിഷറീസ് വകുപ്പിലെ ക്ലാർക്കുമാരുടെ ഒഴിവുകൾ

206 (1676) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിലും ഇതിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിലും എൽ.ഡി ക്ലാർക്കിന്റെ എത്ര ഒഴിവുകൾ ഉണ്ട് ; ഈ ഒഴിവുകൾ പി.എസ്.സി.-ക്കോ മേലധികാരികൾക്കോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ നികത്തുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഫിഷറീസ് വകുപ്പിലും ഇതിന് കീഴിൽവരുന്ന സ്ഥാപനങ്ങളിലും നിലവിൽ എത്ര യു.ഡി ക്ലാർക്കുമാരും എത്ര എൽ.ഡി. ക്ലാർക്കുമാരും ജോലി ചെയ്യുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ വർക്കിംഗ് അറേഞ്ച് മെന്റിലോ, ഡെപ്യൂട്ടേഷനിലോ, ദിവസവേതനാടിസ്ഥാനത്തിലോ എൽ.ഡി. ക്ലാർക്കുമാരല്ലാത്ത എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ 2010 ഏപ്രിൽ മുതൽ 2011 മാർച്ച് 31 വരെയും 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയും ഉള്ള കാലയളവിൽ 55 വയസ് പൂർത്തിയാക്കുന്ന എത്ര മിനിസ്റ്റീരിയൽ ജീവനക്കാർ ഉണ്ട് ; ഇവരുടെ പേര്, ജനനത്തീയതി, നിലവിലെ തസ്തിക എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നുണ്ട് ; ഇവർ ജോലിയിൽ പ്രവേശിച്ച തീയതി ഏതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നിലവിൽ സൂപ്പർ ന്യൂമററി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ;

(ജി) മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി.-വഴി നടത്തുവാൻ ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുസമർപ്പിക്കുന്നതാണ്.

(എഫ്) നിലവിൽ ഫിഷറീസ് വകുപ്പിൽനിന്നും 15 സൂപ്പർ ന്യൂമററി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂളിന് പി.എസ്.സി.-യുടെ അനുമതി തേടാനുള്ള നടപടികൾ എടുത്തുവരുന്നു.

ഫിഷറീസ് വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ് തസ്തിക

207 (1677) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ് തസ്തിക എത്രയെണ്ണമുണ്ട് ; പ്രസ്തുതത തസ്തികകളിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നവർ ആരൊക്കെ ;

(ബി) റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽനിന്നും എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നുണ്ട് ; അവർ ആരൊക്കെയെന്നും എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly